| കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് | | | |
|---|---|---|---|
| ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്ത് 2025- ഓഡിറ്റ് വർഷം 2021/22 മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച് | | | |
| ക്രമനമ്പർ | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേലുള്ള മറുപടി |
| 1 | 1-4 | ഫണ്ട് വിനിയോഗം ( ACR) | ജനറൽ പർപ്പസ് ഗ്രാന്റ് ACR , വാർഷിക കണക്കുമായുള്ള വ്യത്യാസം , സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക്ക് ഗ്രാന്റ് ACR , വാർഷിക കണക്കുമായുള്ള വ്യത്യാസം എന്നിവ ക്രമപ്പെടുത്തി അടുത്ത ഓഡിറ്റിൽ ബോധിപ്പിക്കുന്നതാണ്. |
| 2 | 1-6 | തൊഴിലുറപ്പ് പദ്ധതി | വാർഷിക കണക്കുപ്രകാരമുള്ള വ്യത്യാസം ക്രമപ്പെടുത്തി അടുത്ത ഓഡിറ്റിൽ ബോധിപ്പിക്കുന്നതാണ്. |
| 3 | 1-9 | അഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല | നിലവിൽ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിച്ചുവരുന്നു. കാഷ് ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനേന പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുവരുന്നു. പ്രതിമാസ അക്കൗണ്ട്സ് തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. നിലവിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായ പഞ്ചായത്തായതിനാൽ ആവശ്യമായ എല്ലാ രജിസ്റ്ററുകളും സംക്ഷിപ്തമെഴുതി കൃത്യമായി സൂക്ഷിച്ചുവരുന്നു. ഓഫീസ് പ്രവർത്തനങ്ങൾ സൂപ്പർവൈസറി ഓഫീസർ കൃത്യമായി മോണിറ്ററിംഗ് ചെയ്തുവരുന്നു.എം.എൻ.ആർ.ഇ.ജി.എ ഫയലുകളും ട്രാൻസാക്ഷനുകളും പരിശോധിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് 2023/24 വർഷത്തിൽ പരാമർശിച്ചിട്ടുമുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 4 | 1-11 | വാർഷിക കണക്കുകളിലെ ന്യൂനതകൾ. | വാർഷിക കണക്കുപ്രകാരമുള്ള വ്യത്യാസം ക്രമപ്പെടുത്തി അടുത്ത ഓഡിറ്റിൽ ബോധിപ്പിക്കുന്നതാണ്. |
| 5 | 1-12 | ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) സോഫ്റ്റ് വെയറിലെ പ്രായോഗിക പ്രശ്നങ്ങൾ | 2021 സെപ്റ്റംബർ മാസം മുതലാമ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ തുടക്കത്തിലുള്ള പോരായ്മകൾ പരിഹരിക്കപ്പെടുകയും നിലവിൽ ILGMS സോഫ്റ്റ് വെയർ കൂടുതൽ കാര്യക്ഷമമാകുകയും ചെയ്തിട്ടുണ്ട്. |
| 6 | 1-13 | തൊഴിൽ നികുതി ഈടാക്കിയില്ല. | ഓഡിറ്റ് പരാമർശപ്രകാരം 2021-22 വർഷം രണ്ടാം അർദ്ധവാർഷികം മുതൽ വരദൂർ പി.എച്ച്.സി യിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി 09/03/2023 ലെ 1220305172 നമ്പർ രശീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |
| 7 | 1-14 | തൊഴിൽ നികുതി -അപാകതകൾ | ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് അറിയിക്കുന്നതാണ് |
| 8 | 1-15 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കരാറുകാർ തൊഴിൽനികുതി അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് അറിയിക്കുന്നതാണ് |

| | | | |
|---|---|---|---|
| 9 | 1-16 | അങ്കണവാടി പോഷകാഹാര വിതരണം-അപാകതകൾ | 1). കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ 33 അംഗണവാടികളിലേക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്ത വകയിൽ റഫീക് എന്നവർക്ക് 2021-22 പദ്ധതിയിൽ നിന്നും 49608 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 2020 ഏപ്രിൽ മുതൽ 31/03/2021 വരെയായിരുന്നു ക്വട്ടേഷൻ കാലാവധി. കോവിഡ് കാലമായതിനാൽ ക്വട്ടേഷൻ വിളിക്കാൻ വൈകിയതിനാലും പോഷകാഹാരവിതരണം കാലതാമസം കൂടാതെ നടപ്പാക്കേണ്ട പദ്ധതിയായതിനാലുമാണ് പുതിയ ക്വട്ടേഷൻ വിളിച്ച് അംഗീകരിക്കുന്നതുവരെ നിലവിലുള്ള റഫീക് എന്ന വ്യക്തിക്ക് തന്നെ 2.45 രൂപ നിരക്കിൽ തുക നൽകിയത് എന്നും മേലിൽ ഇത്തരം അപാതക ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കണമെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു. |
| 10 | 1-17 | വസ്തു നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല. | 2021-22 വർഷത്തിൽ 98 % വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. 2022-23 വർഷത്തിൽ കുടിശിക സഹിതം പിരിച്ചെടുത്തിട്ടുണ്ട്. പിരിച്ചെടുക്കുവാൻ കഴിയാത്ത നികുതി തുകയ്ക്ക് RR/Prosecution നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 11 | 1-19 | വസ്തു നികുതി - വിജ്ഞാപനം പുതുക്കിയിട്ടില്ല. | സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ 2024/25 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി വിജ്ഞാപനം പുതുക്കിയിട്ടുണ്ട്. പകർപ്പ് ഹാജരാക്കുന്നു. |
| 12 | 1-20 | വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – പഞ്ചായത്തിന്റെ വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു. | 250 ച.മീ നു മുകളിൽ വിസ്തീർണ്ണമുള്ള മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തിയത് പരിശോധിച്ച് വരുന്നുണ്ട്. ആയതിൽ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് |
| 13 | 1-21 | വസ്തു നികുതി- വാർഷിക കണക്കുമായി യോജിക്കുന്നില്ല. | വാർഷിക കണക്കുപ്രകാരമുള്ള വ്യത്യാസം ക്രമപ്പെടുത്തി അടുത്ത ഓഡിറ്റിൽ ബോധിപ്പിക്കുന്നതാണ്. |
| 14 | 1-22 | സാമൂഹ്യ സുരക്ഷ പെൻഷൻ-പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | മരണപ്പെട്ട പെൻഷണറുടെ ബാങ്ക് അക്കൗണ്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,കോട്ടത്തറ ബ്രാഞ്ച് ,കമ്പളക്കാട് മാനേജർക്കു കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത തുക തിരികെ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൗണ്ട് 110110801000251 (IFSC ksbk0000101)ലേക്ക് അടവാക്കുകയും (യു.ടി.ആർ നമ്പർ. SBIN423021247977 DATED: 21/01/2023) ചെയ്തതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.നിലവിൽ മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തുവരുന്നു.മേലിൽ ഇത്തരം അപാതക ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കണമെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു |

| | | | |
|---|---|---|---|
| 15 | 1-23 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. | ഹോമിയോ മരുന്നുകൾ ഹോംകോ മുഖാന്തിരം മാത്രമേ വാങ്ങുന്നതിന് നിർവ്വാഹമുള്ളൂ. ആകെ ഒരു അംഗീകൃത ഏജൻസി ഹോംകോ മാത്രമാണ് എന്നതിനാലാണ് മരുന്ന് കിട്ടുന്നതിന് കാലതാമസം നേരിടുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പണം മുൻകൂർ അടവാക്കി സപ്ലൈ ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലാണ് പഞ്ചായത്തുകൾക്ക് മരുന്നുകൾ അനുവദിച്ചു വരുന്നത്. ഇക്കാരണത്താലാണ് മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും ആശുപത്രി പ്രവർത്തനത്തിന് മുടക്കം വരാത്ത രീതിയിൽ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ആശുപത്രി പ്രവർത്തനം നടത്തി വരുന്നുണ്ട്. നിലവിൽ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കുന്നതിന് കരാറിലേർപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മെഡിക്കൽ ഓഫീസർ , ഹോമിയോ മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ മേലില് അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും ആയതിനാൽ പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 16 | 1-24 | വാട്ടർഅതോറിറ്റിക്ക് കുടിവെള്ളടാങ്കിന് സ്ഥലമെടുക്കൽ-തുക അടച്ചെങ്കിലും പ്രവൃത്തി തുടങ്ങിയില്ല. | ജലജീവൻ മിഷന് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി വാട്ടർഅതോറിറ്റിക്ക് കൈമാറുന്നതിന് അനുമതിക്കായി സർക്കാറിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 17 | 1-25 | പ്രോജക്ട്-ജൂബിലി ഭവനപദ്ധതി വായ്പ തിരിച്ചടക്കൽ | ജൂബിലി ഭവനപദ്ധതി ലോൺ പൂർണ്ണമായും അടച്ചു തീർത്തിട്ടുണ്ട്. ലോൺ ക്ലോസ് ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 18 | 1-26 | ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ-കരാർ ചമച്ച് വാഹനം കൈമാറിയില്ല. | |
| 19 | 1-27 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-വൈദ്യുതി ബോർഡുമായി കരാർ വച്ചിട്ടില്ല. | തെരുവു വിളക്കുകളുടെ രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുമായി കരാർ വക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തിയിലുണ്ടായ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 20 | 1-28 | കാവാടം പ്രദേശത്ത് കുഴൽ കിണർ-പൂർത്തീകരണ വിവരങ്ങൾ ഇല്ല | കുഴൽ കിണർ സ്ഥാപിക്കുന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് ഫീസിബിലിറ്റി കിട്ടിയ സ്ഥലം പഞ്ചായത്തിന് കൈമാറി കിട്ടാത്തതിനാലാണ് പ്രവൃത്തി പൂർത്തികരിക്കുന്നതിന് സാധിക്കാതെ വന്നത്. മുൻകൂറായി അടവാക്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 21 | 1-29 | വിവിധ ഏജൻസികൾക്ക് തുക നല്കിയത് - വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും | എസ്.എസ്.എ.വിഹിതം തുക നൽകിയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി സമർപ്പിക്കുന്നതാണ്. |
| 23 | 1-34 | ലൈഫ് ഭവന പദ്ധതി നിർമ്മാണംപൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം | ഓഡിറ്റ് പരാമർശം പ്രകാരം ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി , കൈപ്പറ്റിയ തുക എന്നിവ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വി.ഇ.ഒ ഹാജരാക്കിയിട്ടുണ്ട്. ആയത് ഇതോടൊപ്പം സമർപ്പിക്കുന്നു. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു |
| 24 | 1-35 | ലൈഫ് ഭവന പദ്ധതി ടി എസ് പി - നാരായണി വേണു എന്ന ഗുണഭോക്താവിന് നൽകിയ 21000 രൂപ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. | ലൈഫ് ഭവന പദ്ധതി ടി എസ് പി പദ്ധതിയിൽ നാരായണി വേണു എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരണഘട്ടത്തിലാണെന്നും അവസാനഗഡു മാത്രമേ അനുവദിക്കുന്നതിന് അവശേഷിക്കുന്നുള്ളൂവെന്നും വി.ഇ.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു |

| | | | |
|---|---|---|---|
| 25 | 1-36 | അസി.എഞ്ചിനീയർ വാഹനം വാടകക്ക് എടുക്കൽ -ട്രിപ്പ് ഷീറ്റ് വെച്ചിട്ടില്ല | സർക്കാർ ഉത്തരവ് GO(Rt)no/690/18/LSGD dtd 14.3.2018 പ്രകാരം ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറുടെ ആവശ്യത്തിനായി മാനദണ്ഡങ്ങൾ പ്രകാരം വാഹനങ്ങൾ വാടകക്ക് എടുക്കാൻ അനുവാദം ഉണ്ട്. ആയതുപ്രകാരം കരാറടിസ്ഥാനത്തിലാണ് വാഹനം വാടകക്ക് എടുത്തിട്ടുള്ളത്. കരാറടിസ്ഥാനത്തിലായതിനാൽ ലോഗ്ബുക്കിലാണ് ട്രിപ്പ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ ഓഡിറ്റിന് ആവശ്യപ്പെട്ട സമയം പ്രസ്തുത ലോഗ് ബുക്ക് ഹാജരാക്കുന്നതിന് സാധിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത ലോഗ്ബുക്ക് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. നിലവിൽ ലോഗ്ബുക്ക് പരിശോധിച്ച് അസി. എഞ്ചിനീയറുടെ അക്കൌണ്ടിലേക്കാണ് തനത് ഫണ്ടിൽ നിന്നും വാടക നൽകി വരുന്നത് എന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു |
| 26 | 1-37 | കുടുംബശ്രീ സി ഡി എസിന് മുൻകൂർ നൽകിയ തുക തിരികെ ലഭ്യമായിട്ടില്ല | ഓഡിറ്റ് പരാമർശം പ്രകാരം സി.ഡി.എസ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 07/11/2022 ലെ 8-○○○ നമ്പർ തീരുമാനപ്രകാരം 03/12/2022 ന് അഗതി ആശ്രയ അക്കൌണ്ടിലെ 24003 നമ്പർ ചെക്ക് പ്രകാരം 2,00,000 രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട് എന്ന് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു. |
| 27 | 1-38 | സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി 2021-22 വർഷത്തിൽ ആർജിതാവധി സറണ്ടർ അനുവദിച്ചു | 2021-22 വർഷത്തിൽ ആർജിതാവധി സറണ്ടർ 31/05/2021 വരെ താത്ക്കാലികമായി മരവിപ്പിച്ച ഉത്തരവ് കാലാവധി 31/05/2021 തീയതി അവസാനിച്ചതിനുശേഷമാണ് 02.06.2021 തീയതിയിൽ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുള്ളത്. ടി തീയതിക്കുശേഷമാണ് ആർജിതാവധി സറണ്ടർ ആനുകൂല്യം താത്ക്കാലികമായി മരവിപ്പിച്ച ഉത്തരവ് മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നിട്ടുള്ളത്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു |
| 28 | 1-39 | യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തിട്ടില്ല. | യഥാസമയം പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട് എന്നും മേലിൽ ഇത്തരം അപാതക ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും സംഭവിച്ച അപാകത മാപ്പാക്കണമെന്നും അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. |
| 29 | 1-39-1 | തൊണ്ടിയിൽ റോഡ് കോൺക്രീറ്റ് | ഓഡിറ്റ് പരാമർശപ്രകാരം ജഷീർ പി. കെ. എന്നവർക്ക് പിഴ ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 30 | 1-39-2 | വരദൂർ -കീരിപ്പറ്റ മൂർത്തിമൂല റോഡ് സൈഡ് കെട്ട്. | ഓഡിറ്റ് പരാമർശപ്രകാരം ജഷീർ പി. കെ. എന്നവർക്ക് പിഴ ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 31 | 1-39-3 | വരദൂർ -കീരിപ്പറ്റകുന്ന് പടാരികുന്ന് റോഡ് സൈഡ് കെട്ട്. | ഓഡിറ്റ് പരാമർശപ്രകാരം അസീബ്.കെ എന്നവർ 14/02/2023 ലെ 1220304003 നമ്പർ രശീത് പ്രകാരം 8567 രൂപയും 16/02/2023 ലെ 1220304151 നമ്പർ രശീത് പ്രകാരം 4111 രൂപയും ചേർത്ത് 12678 രൂപ പിഴ ഒടുക്കയിട്ടുണ്ട്.രശീതിയുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. |
| 32 | 1-39-4 | പള്ളിമുക്ക് ഫാമിലി വെൽഫയർ സെന്റർ നവീകരണം | ഓഡിറ്റ് പരാമർശപ്രകാരം മുജീബ് റഹ്മാൻ എന്നവർ 14/02/2023 ലെ 1220304002 നമ്പർ രശീത് പ്രകാരം 3239 രൂപ പിഴ ഒടുക്കിയിട്ടുണ്ട്.രശീതിയുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. |
| 33 | 1-39-5 | താമരക്കൊല്ലി കോളനി റോഡ് പൂർത്തീകരണം | ഓഡിറ്റ് പരാമർശപ്രകാരം മുജീബ് റഹ്മാൻ എന്നവർ 14/02/2023 ലെ 1220304003 നമ്പർ രശീത് പ്രകാരവും 16/02/2023 ലെ 1220304152 നമ്പർ രശീത് പ്രകാരവും 4202 രൂപ പിഴ ഒടുക്കയിട്ടുണ്ട്.രശീതിയുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| 34 | 1-40 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതിന് അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 35 | 1-41 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും നിർവ്വഹണത്തിലെ വീഴ്ചകൾ | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതിന് അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ്. |
| 36 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. |
| 37 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | ഖണ്ഡികകളിൽ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. |